ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം

ഇ-മെയിൽ:: dmhperoorkada@gmail.com
ഫോൺ നം. (0471) 2432071

==========

നം.- ജി3 - 940/2015/ജി.മാ.ആ.പേ തീയതി:: 15/04/2025

ദർഘാസ് പരസ്യം

തിരുവനന്തപുരം ജില്ലാ മാതൃക ആശുപത്രി പേരൂർക്കടയിലെ വിവിധ യൂണിറ്റുകളിലേയ്ക്ക് താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഫയർ എക്സ്റ്റിംഗ്യൂഷറുകൾ - **45 എണ്ണം** അവശനുസരണം റീഫിൽ ചെയ്യുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി താല്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച കവറിലാക്കിയ പൂരിപ്പിച്ച ദർഘാസുകൾ **14/05/2025 - ന് 11:: 00 മണിക്ക് മുമ്പ്** ഈ ആഫീസിൽ ലഭിക്കത്തക്ക വിധം **സുപ്രണ്ട്, ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. വൈകി വരുന്നവ പരിഗണിക്കുന്നതല്ല. **15/05/2025 - ന് 11 :: 00 മണിയ്ക്ക്** ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ ചുമതലപെടുത്തിയവരുടെയോ സാനിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ആവശ്യമായ രേഖകൾ ഹാജരാക്കിയതും ഏറ്റവും കുറവ് തുക രേഖപെടുത്തിയതുമായ ടെൻഡർ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. നിശ്ചിത സമയത്തിന് ശേഷം സമർപ്പിക്കുന്നതോ ലഭിക്കുന്നതോ ആയ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

സ്പെസിഫിക്കേഷൻ

1. **FIRE EXTINGUSHER 6 Kg – 21 NOS**
2. **FIRE EXTINGUSHER 2 Kg – 05 NOS**
3. **FIRE EXTINGUSHER (powder) 2 Kg – 19 NOS**

ടെൻഡർ ഫാറത്തി വില : **Rs. 400/- +18 % G.S.T**
ടെൻഡർ ഫാറം വിതരണം ചെയ്യുന്ന അവസാന തിയതി : **14/05/2025.**
ടെൻഡർ ഫാറം സ്വീകരിക്കുന്ന അവസാന തിയതി : **15/05/2025.**
ടെൻഡർ ഫാറം തുറക്കുന്ന തിയതി : **15/05/2025.**
അടങ്കൽ തുക – **Rs. 200000/- (രണ്ട് ലക്ഷം രൂപ മാത്രം)**

വ്യവസ്ഥകൾ

1. ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നവരുടെ സാനിധ്യത്തിൽ ടെൻഡർ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

2. ടെൻഡർ ഫാറം പൂർണമായും വ്യക്തമായും പൂരിപ്പിക്കണം.
3. അപൂർണമായ ടെൻഡർ പരിഗണിക്കുന്നതല്ല.
4. ടെൻഡർ ഫാറത്തിന് അടയ്ക്കുന്ന തുക തിരികെ നൽകുന്നതല്ല.
5. ടെൻഡർ ഫാറത്തിന്റെ കവറിനു പുറത്ത് **" തിരുവനന്തപുരം ജില്ലാ മാതൃക ആശുപത്രിയിയിലെ വിവിധ യൂണിറ്റുകളിലെ ഫയർ എക്സ്റ്റിംഗ്യുഷറുകൾ റീഫിൽ ചെയ്യുന്നതിനുള്ള ടെൻഡർ** " എന്ന് എഴുതിയിരിക്കണം.
6. ടെൻഡറിനൊപ്പം ആശുപത്രി സുപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം സിറ്റിയിൽ മാറാവുന്ന **Rs. 1500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം.)** രൂപയുടെ ഡി.ഡി. സമർപ്പിക്കണം.
7. ടെൻഡർ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണവശാൽ അവധിയായി വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മേൽപ്പറഞ്ഞ രീതിയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ടെൻഡർ നടപടികൾ നടത്തുന്നതായിരിക്കും.
8. ടെൻഡർ നടപടികൾ മാറ്റി വയ്ക്കുന്നതിനും ടെൻഡർ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ആശുപത്രി സുപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
9. ടെൻഡറിനെ സംബന്ധികുന്ന കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ പ്രവർത്തിദിവസങ്ങളിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.
10. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും ടി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ടെൻഡർ ഫാറത്തിനൊപ്പം ഹാജരാക്കേണ്ടതുമാണ്.
11. ജി. എസ്.ടി.ഉൾപ്പടെ ഉള്ള നിരക്കുകളിലായിരിക്കണം ടെൻഡർ സമർപ്പിക്കേണ്ടത്.

DISTRICT MODEL HOSPITAL PIN-695 005. PERUURKADA, THIRUVANANTHAPURAM

ഡോ. സരിത. കുമാരി. എൽ. ടി
സുപ്രണ്ട്

പകർപ്പ്,

1. നോട്ടീസ് ബോർഡ് ആരോഗ്യവകുപ്പ് ഡയറെക്ടറേറ്റ്
2. നോട്ടീസ് ബോർഡ് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
3. ആരോഗ്യവകുപ്പ് ഡയറെക്ടറേറ്റ് - വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
4. നോട്ടീസ് ബോർഡ് ജില്ലാ പഞ്ചായത്ത് കാര്യാലയം
5. നോട്ടീസ് ബോർഡ് മാനസിക ആരോഗ്യ കേന്ദ്രം, തിരുവനന്തപുരം
6. നോട്ടീസ് ബോർഡ് ജനറൽ ആശുപത്രി തിരുവനന്തപുരം
7. നോട്ടീസ് ബോർഡ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്
8. ആരോഗ്യകേരളം - വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
9. ഫയൽ / സ്റ്റോക്ക് ഫയൽ